# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2795 14-12-2015-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സാജു പോൾ എം.എൽ.എ** | | **ശ്രീ. എ.പി. അനിൽകുമാർ,**<br>(പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ ജീവിത നിലവാരം വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | പ്രസ്തുത വിഭാഗക്കാർക്ക് സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കാൻ വകുപ്പ് ഏതെങ്കിലും ഫീസിളവോ ധനസഹായമോ അനുവദിക്കുന്നുണ്ടോ ; | ബി) | സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നില്ല.എന്നാൽ **2.5** ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള എസ്.സി. വിദ്യാർത്ഥി കൾക്ക് 2014-15 വർഷം മുതൽ ഗവൺ മെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് (സംസ്ഥാനത്ത് പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും) അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | സ്വന്തമായി വീടോ ഭൂമിയോ ഇവ രണ്ടും തന്നെയോ ഇല്ലാത്തവർക്ക് വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ, ആയതിനുള്ള മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ? | സി) | സ്വന്തമായി ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധന സഹായം അനുവദിക്കുന്ന പ ദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പി ലാക്കി വരുന്നു.<br>ഗ്രാമ പ്രദേശങ്ങളിൽ പരമാവധി 5 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റൊന്നിന് 75,000/- രൂപ നിരക്കിൽ 3.5 ലക്ഷം രൂപയും മുനി സിപ്പാലിറ്റികളിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവ ദിച്ചുവരുന്നു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ടവരും കുടുംബമുള്ള |

| | | |
|---|---|---|
| | | വരും 50,000/- രൂപയിൽ താഴെ മാത്രം വാർഷിക കുടുംബ വരുമാനം ഉള്ളവരും, 55 വയസ്സിൽത്താഴെ പ്രായമുള്ളവരും, സ്വന്തമായോ കുടുംബ ഓഹരിയായോ ഭൂമി യില്ലാത്തവരും ആയിരിക്കണം. അപേക്ഷ കന്റേയോ, ഭാര്യയു ടെയോ പേരിൽ ഭൂമി ഇല്ലെങ്കിലും ഇരുവർക്കും പാരമ്പര്യമായി ഭൂമി ലഭിക്കാനില്ലെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ജാതി, വരുമാന സർട്ടി ഫിക്കറ്റുകൾ എന്നിവ ഹാജരാക്കണം. ഗ്രാമ സഭ/വാർഡ്സഭ ലിസ്റ്റിൽ ഉൾപ്പെട്ടവരെ യാണ് പരിഗണിക്കുന്നത്. ഇപ്രകാരം ലിസ്റ്റ് ലഭ്യമല്ലെങ്കിൽ പത്രപ്പരസ്യം വഴി അപേക്ഷ ക്ഷണിക്കുന്നു. അതാത് ബ്ലോക്ക്/മുനിസി പ്പാലിറ്റി /കോർപ്പറേഷൻ പട്ടികജാതി വിക സന ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ താമസ യോഗ്യമായ വീടില്ലാത്തവരും സ്വന്തമായി ഭൂമിയുള്ളവരുമായ പട്ടികജാതി വിഭാഗക്കാർക്ക് വീട് പണിയുന്നതിന് 3. ലക്ഷം രൂപ ധനസഹായമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ